# പതിനാലാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 3807 — 20.10.2016 - ൽ മറുപടിയ്ക്ക്

## ഭവനനിർമ്മാണ ബോർഡിലെ സാമ്പത്തിക പ്രതിസന്ധി

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. രാജു എബ്രഹാം** | | **ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |
| (എ) ഏഴ് ലക്ഷത്തോളം ജനങ്ങളുടെ പാർപ്പിട ആവശ്യങ്ങൾക്കായി പ്രവർത്തിച്ച സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഇപ്പോൾ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ടു കൊണ്ടിരിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; മുന്നൂറോളം സാങ്കേതിക / സാങ്കേതികേതര ജീവനക്കാർ നിലവിൽ പ്രവർത്തിക്കുന്ന ഭവന നിർമ്മാണ ബോർഡിനെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറ്റുന്നതിന് എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട്.<br><br>ഭവനനിർമ്മാണ ബോർഡിനെ ഇപ്പോഴത്തെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറ്റുന്നതിനായി ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള വിവിധ സ്ഥലങ്ങളിൽ പാരസ്പര്യം മാതൃകയിൽ ഗുണഭോക്താക്കളിൽ നിന്നും മുൻകൂറായി നിർമ്മാണത്തിനുള്ള തുക ശേഖരിച്ചു കൊണ്ട് നടപ്പിലാക്കുന്ന 12 ഭവന/വാണിജ്യ സമുച്ചയ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) മുൻ സർക്കാർ ഭവന നിർമ്മാണ ബോർഡിന് ഫണ്ട് നൽകുന്നതിനുദ്ദേശിച്ച് ആരംഭിച്ച ഹൗസിംഗ് ഡവലപ് മെന്റ് ഫിനാൻസ് കോർപ്പറേഷന്റെ ഇപ്പോഴത്തെ അവസ്ഥയും ഇതിനായി ചെലവഴിച്ച തുകയും എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇതിലൂടെ നടപ്പിലാക്കിയതെന്നും വിശദീകരിക്കാമോ ; | (ബി) | ഹൗസിംഗ് ഡവലപ് മെന്റ് ഫിനാൻസ് കോർപ്പറേഷന്റെ അനൗദ്യോഗിക മെമ്പർമാരെ നിയമിക്കുന്ന കാര്യത്തിൽ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടില്ല. കോർപ്പറേഷന്റെ ഫയലുകൾ കൈകാര്യം ചെയ്തുകൊണ്ടിരുന്ന സീനിയർ സൂപ്രണ്ട് ഡെപ്യൂട്ടേഷൻ കാലാവധി അവസാനിച്ചതിനാൽ മാതൃവകുപ്പിലേയ്ക്ക് തിരികെ പോയി. കോർപ്പറേഷൻ രൂപീകരിക്കുന്നതിനായി ചെലവഴിച്ച തുകയും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു. |

(സി) ഇതിന്റെ പ്രവർത്തനം തുടർന്നും നടപ്പിലാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

(സി) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ